ഉത്തരം

(എ) ഉണ്ട്. ഇതിനായി താഴെ ചൊവ്വയിൽ 2.00 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണി നിർമ്മിക്കാനും ഇതിനാവശ്യമായ ജലം മേലെ ചൊവ്വയിൽ സ്ഥിതിചെയ്യുന്ന കണ്ണൂർ ജലവിതരണ പദ്ധതിയുടെ ജലസംഭരണിയിൽ നിന്നും എടുക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ഈ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി പൂർത്തിയായാൽ മാത്രമേ എസ്റ്റിമേറ്റ് തുക കൃത്യമായി അറിയാൻ കഴിയൂ. ഇപ്പോഴത്തെ കണക്കനുസരിച്ച് ഏകദേശം 460 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി) പദ്ധതി ആരംഭിച്ചു കഴിഞ്ഞാൽ 3 വർഷത്തിനകം പൂർത്തീകരിക്കാമെന്നു മാത്രമേ ഇപ്പോൾ പറയാൻ കഴിയുകയുള്ളൂ.

വാട്ടർ അതോറിറ്റി ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ വ്യവസ്ഥകൾ

42 (2605) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ നിന്നും എന്തെല്ലാം വ്യത്യാസങ്ങൾ വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ട് ;

(സി) ഭവന നിർമ്മാണ വായ്പാ ലഭിക്കുന്ന വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആധാരങ്ങൾ ഇതിലേയ്ക്കായി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിൽ നിന്നും എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഈ ഉത്തരവ് പ്രാബല്യത്തിലുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) വായ്പ ലഭിക്കുന്ന വാട്ടർ അതോറിറ്റി ജീവനക്കാർക്ക് അവരുടെ ആധാരങ്ങൾ ഇതിലേയ്ക്കായി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) റഗുലർ എസ്റ്റാബ്ലിഷ്മെന്റ് സർവ്വീസിൽ 5 വർഷം പൂർത്തീകരിച്ചവരും, റിട്ടയർ ചെയ്യുന്നതിന് മുമ്പ് രണ്ട് വർഷത്തിൽ കുറയാതെ സർവ്വീസുള്ളവരുമായ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കാൻ അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യത്യാസങ്ങൾ ഇല്ല.

(സി) ഉണ്ട്. കോപ്പി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(ഡി&ഇ) 23-3-1998-ലെ സ.ഉ.(എം.എസ്സ്.) 32/98/ഇറി.നമ്പർ ഉത്തരവ് പ്രകാരം കേരളാ വാട്ടർ അതോറിറ്റി ജീവനക്കാരെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് ഇറക്കിയെങ്കിലും, ഇപ്പോൾ ഇക്കാര്യം നികുതി വകുപ്പിന്റെ പുന:പരിശോധനയിലാണ്.

അനധികൃത കുഴൽക്കിണർ നിർമ്മാണം

43 (2610) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികൾ കുഴൽക്കിണർ കുഴിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അനധികൃതമായി കുഴൽക്കിണർ കുഴിക്കുന്നതുകൊണ്ട് ഉപരിതലത്തിലുള്ള വെള്ളം താഴ്ന്നുപോയി കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ വ്യക്തികൾ അനധികൃതമായി കുഴൽക്കിണർ കുഴിക്കുന്നത് തടയാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ നിയന്ത്രണങ്ങൾ ഇല്ല.

(ബി) അമിതവും അശാസ്ത്രീയവും ആയ രീതിയിൽ കുഴൽക്കിണർ കുഴിച്ചാൽ ഉപരിതലത്തിൽ ഉള്ള വെള്ളം താഴ്ന്നു പോകാൻ സാദ്ധ്യതയുണ്ട്.

(സി) സ്വകാര്യ വ്യക്തികൾ കുഴൽക്കിണർ കുഴിക്കുന്നത് തടയാൻ നിയമം നിലവിലില്ല.

(ഡി) ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഉള്ള നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ നിയമം നിലവിൽ വന്നാൽ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കേണ്ടതുണ്ട് എന്നു കാണുന്ന സ്ഥലങ്ങളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly